DESPATCHED
On... 22/06/2020

05/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.924(4)/2013/എസ്.ഐ.സി.

### തീർപ്പു കൽപ്പിച്ചുകൊുള്ള നടപടിക്രമം

### (ഫയൽ നം.5794/എസ്.ഐ.സി–ജി 2/2013)

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജി. വിജയൻ,
വൈദേഹി വില്ല,
കോലാനി പി.ഒ,
തൊടുപുഴ, ഇടുക്കി – 685 608
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് കാര്യാലയം,
കൊല്ലങ്കോട് പി.ഒ
പാലക്കാട്.
2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
പാലക്കാട്.

} എതിർകക്ഷകൾ

### ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ പാലക്കാട് കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ **2007-08** സാമ്പത്തിക വർഷത്തെ തനതു കുടിവെള്ള പദ്ധതിയുടെ ചെലവ് അറിയുന്നതിനും അതു സംബന്ധിച്ച വൗച്ചറുകൾ ലഭിക്കുന്നതിനും വേണ്ടി **07.11.2012** ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി ലഭിച്ചില്ലെന്നും, പിന്നീട് ഒന്നാം അപ്പീൽ

സമർപ്പിച്ചതിനു ശേഷം ഒന്നാം എതിർകക്ഷി **10.12.2012** തീയതി കാണിച്ചു നൽകിയ മറുപടിയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭിച്ചില്ലെന്നും ആണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 04.07.2013 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

“അപേക്ഷ 12.11.2012 ൽ പഞ്ചായത്തിൽ രജിസ്റ്റേഡ് തപാലായി ലഭിച്ചതായും 1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് പഞ്ചായത്തിൽ ലഭ്യമായ വിവരങ്ങൾ 10.12.2012 ന് അയച്ചതായും എസ്.പി.ഐ.ഒ അറിയിച്ചു.

1 മുതൽ 4 വരെ ചോദ്യങ്ങൾക്കുള്ള മറുപടി സമയപരിധി കഴിഞ്ഞാണ് ലഭിച്ചതെന്നും, ലഭിച്ച മറുപടി ഭാഗികമായിരുന്നു എന്നും, സെക്ഷൻ 7 പ്രകാരം സമയപരിധിക്കകം മറുപടി നൽകാത്തതിനാൽ ഫീസടക്കാതെ തന്നെ മറുപടി നൽകണമെന്നും ഹർജിക്കാരൻ അറിയിച്ചിരുന്നു. ഹർജിക്കാരനും സെക്രട്ടറിയും നൽകിയ മൊഴികൾ പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 12.12.2012 നു മുമ്പായി നൽകേണ്ടതായിരുന്നു. നിശ്ചിത സമയത്തിനകം തന്നെ ഫീസ് അടക്കുന്നതിനുള്ള അറിയിപ്പും നൽകേണ്ടതായിരുന്നു. ആയതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ ഇനിയും നൽകാനുള്ളവ 10 ദിവസത്തിനകം സൗജന്യമായി നൽകുന്നതിന് എസ്.പി.എ.ഒ യോട് നിർദേശിച്ച് ഹർജി തീർപ്പാക്കിയിരുന്നത്.

ആയതിന്റെ അടിസ്ഥാനത്തിൽ 08.03.2013 ന് ബന്ധപ്പെട്ട രേഖകൾ ഹർജിക്കാരന് നൽകിയിരുന്നതായും, നൽകിയ വൗച്ചറുകൾ ആവശ്യമുള്ളതല്ല എന്ന് ഹർജിക്കാരൻ ഫോൺ മുഖേന അറിയിച്ചപ്രകാരം 05.04.2013 ന് പകർപ്പ് ഫീസ് ഈടാക്കാതെ

ലഭ്യമായ വൗച്ചറുകൾ നൽകിയിരുന്നതായി എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.”

3. ടി റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ടിയാന് കിട്ടിക്കഴിഞ്ഞു എന്ന് കമ്മീഷൻ കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ തുടർ നടപടികൾ അവസാനിപ്പിക്കുന്നു.

4. അപ്പീൽ ഹർജിക്കാരന് ഇനിയും പരാതി അവശേഷിക്കുന്നുണ്ടെങ്കിൽ, ആയത് അറിയിക്കുന്ന പക്ഷം, അതൊരു പരാതി ഹർജിയായി പരിഗണിച്ച് കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 05.03.2020 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

re